## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.930 03.12.2014-ൽ മറുപടിക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.ബി. സത്യൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ആറ്റിങ്ങൽ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന കരവാരം, നഗരൂർ, പുളിമാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിന് KWA പ്രോജക്ട് വിഭാഗം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;<br><br>പ്രസ്തുത പദ്ധതിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ എല്ലാ-വിധ സഹായവും വാഗ്ദാനം നൽകിയിട്ടുണ്ട്. ഈ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; എത്രഭാഗങ്ങളിൽ സ്ഥലം എടുത്തെന്നും വിശദമാക്കാമോ ? | (എ)<br>&<br>(ബി) | ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ, കരവാരം പുളിമാത്ത് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ സർ വ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള കിണർ, പമ്പ് ഹൗസ്, ഭൂതല ജലസംഭരണി ഉപരിതല ജലസംഭരണി ഇവയ്ക്കായുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൈമാറുന്നതാണെന്ന് 2014 നവംബർ 14 ന് ബഹു.എം.എൽ.എ. വിളിച്ച് ചേർത്ത യോഗത്തിൽ പഞ്ചായത്തുകൾ സമ്മതിച്ചതാണ്. അവ വാട്ടർ അതോറിറ്റിക്ക് കൈമാറുമ്പോൾ ഈ പദ്ധതിയ്ക്കായുള്ള വിശദമായ സർ വ്വേ നടപടികൾ പൂർത്തിയാക്കുന്നതും എസ്റ്റിമേറ്റ് കണക്കാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ